ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും തിയേറ്ററുകൾ, വീഡിയോ വാൾ, റെയിൽവേ അനൗൺസ്മെന്റ്, സി.സി.ടി.വി, കെ.എസ്.ആർ.റ്റി.സി. പരസ്യം എന്നിവ മുഖേനയും സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിച്ചിട്ടുണ്ട്. കൂടാതെ വികസന സമന്വയം എന്ന പേരിൽ ടാബ്ലോയ്ഡ് പത്രം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് മലയാള മനോരമ, മാതൃഭൂമി, മംഗളം എന്നീ ദിനപത്രങ്ങളെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി അച്ചടി മാധ്യമങ്ങൾക്ക് 77,44,47,972 രൂപയും, ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 22,60,63,044 രൂപയും തിയേറ്റർ പരസ്യം വീഡിയോവാൾ, റെയിൽവേ അനൗൺസ്മെന്റ് എന്നിവ മുഖേന 33,56,004 രൂപയും CCTV, KSRTC Bus മുഖേന 7,62,945 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. വകുപ്പിൽ ലഭ്യമായ ബില്ലുകളുടെ കണക്കുകൾ പ്രകാരം അച്ചടി മാധ്യമങ്ങൾക്ക് 3,12,31,918 രൂപയും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 11,10,823 രൂപയുടേയും ബില്ലുകൾ കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്.

**പത്രപ്രവർത്തകർക്കുള്ള പെൻഷൻ വർദ്ധന**

69 (3271) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്ര പ്രവർത്തകർക്കുള്ള പെൻഷൻ എത്ര തവണ വർദ്ധിപ്പിച്ചു; ഇപ്പോൾ നൽകിവരുന്ന പെൻഷൻ എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ജീവിതച്ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പത്രപ്രവർത്തകർക്കുള്ള മിനിമം പെൻഷൻ 12,000 രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്ര പ്രവർത്തകർക്കുള്ള പെൻഷൻ മൂന്ന് തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ 8000 രൂപയാണ് പത്ര പ്രവർത്തക പെൻഷനായി നൽകി വരുന്നത്.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

GPM. 2/244/2020-18

LIBRARY ARCHIVES Kerala Legislative Assembly